(ബി) 62 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) പരിക്ക് പറ്റിയ മാധ്യമപ്രവർത്തകർ-86 അതിൽ 73 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

(ഡി) രജിസ്റ്റർ ചെയ്ത കേസ് - 61

അന്വേഷണം പൂർത്തിയാക്കിയവ - 54

മാധ്യമപ്രവർത്തകർക്ക് നേരെയുള്ള ആക്രമണം

118. [119] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്തെ മാധ്യമ പ്രവർത്തകർക്കെതിരെ എത്ര ആക്രമണ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഏതെല്ലാം മാധ്യമ പ്രവർത്തകർക്കാണ് ആക്രമണത്തിന്റെ ഫലമായി പരിക്കേറ്റിട്ടുള്ളത്; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി). കരിപ്പൂർ വിമാനത്താവളത്തിൽവെച്ച് മാധ്യമ പ്രവർത്തകർക്ക് നേരെ നടന്ന ആക്രമണം സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 62 സംഭവങ്ങളുണ്ടായിട്ടുണ്ട്.

(ബി) കേരള, ലേറ്റസ്റ്റ്, കാലവൽ, മക്നബ് എന്നീ സായാഹ്ന പത്രങ്ങളുടെയും, ഇന്ത്യൻ എക്സ്പ്രസ്സ്, മാതൃഭൂമി, മലയാളം, രാഷ്ട്രദീപിക, ജന്മഭൂമി, മാധ്യമം ചന്ദ്രിക, കേരളകൗമുദി, സിറാജ്, മംഗളം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളുടെയും, സൂര്യാ ടി. വി. ഏഷ്യാനെറ്റ്, കൈരളി ടി. വി., അമൃതാ ടി. വി., ജീവൻ ടി. വി., ഇന്ത്യാവിഷൻ, എൻ. റ്റി. വി. സി. എൻ. എൻ., എ. സി. വി., എന്നിവയിലെ റിപ്പോർട്ടർമാർക്കും, ഫോട്ടോഗ്രാഫർമാർക്കും, ക്യാമറാമാൻമാർക്കും, അസിസ്റ്റന്റ് ക്യാമറാമാൻമാർക്കും, ലേഖകൻമാർക്കും, അസിസ്റ്റന്റ് മാർക്കും പരിക്കുപറ്റിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് 61 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ 61 കേസുകളിൽ 54 കേസുകൾക്ക് കുറ്റപത്രം ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. കരിപ്പൂർ വിമാനത്താവളത്തിൽ മുൻ മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക്, ഐ. യു. എം. എൽ. പ്രവർത്തകർ നൽകിയ സ്വീകരണ പരിപാടി റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകരെ ഐ. യു. എം. എൽ. പ്രവർത്തകർ ആക്രമിച്ച സംഭവത്തിൽ 11 മാധ്യമപ്രവർത്തകർക്ക് പരിക്കുപറ്റി. ആയതിലേക്ക് 19 ഐ. യു. എം. എൽ. പ്രവർത്തകരെ അറസ്റ്റു ചെയ്ത് നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്ക് കൊണ്ടോട്ടി പി. എസ്. ക്രൈം 655/04 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പദ്ധതി

119. [119] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്തിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ പ്രയോജനം ലഭിക്കാത്തവർക്ക് വേണ്ടി പുതിയ പദ്ധതി ആവിഷ്കരിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ വിഭാഗം ഗുണഭോക്താക്കളെ ഉദ്ദേശിച്ചാണ് ഈ പദ്ധതികൾ ആവിഷ്കരിക്കുന്നതെന്നറിയിക്കാമോ;

(സി) ഇത് എന്ന് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പിൽ ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി, സി) ബാധകമല്ല.

വിവിധ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പും പദ്ധതി നിർമ്മാണവും

120. [120] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപ്പാടം രാജ്യാന്തര കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ, എൽ. എൻ. ജി. ടെർമിനൽ രാജ്യാന്തര ബങ്കറിംഗ് ടെർമിനൽ, ഷിപ്പ് റിപ്പയർ ടെർമിനൽ, ക്രൂഡ് ടെർമിനൽ, സിറ്റി ഗ്യാസ് പ്രോജക്ട് എന്നീ പദ്ധതികൾക്ക് ആവശ്യമായ സ്ഥലമെടുപ്പ് എന്നത്തേക്ക് ആരംഭിച്ച് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly